ഉത്തരം

(എ) കക്കാട് ജലവൈദ്യുത പദ്ധതിയിൽനിന്നും ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) രണ്ടു ജനറേറ്റുകൾ ആണുള്ളത്. അവ രണ്ടും പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്നു.

(സി) നിർമ്മാണം മുടങ്ങിക്കിടന്ന കക്കാട്ട് പദ്ധതിയുടെ പണികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-ൽ പുനരാരംഭിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്ഥലം എം.എൽ.എ. അദ്ധ്യക്ഷനും ജില്ലാ കളക്ടർ കൺവീനറും തൊഴിലാളി പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളായും ഒരു പോപ്പുലർ കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മറ്റിയും പദ്ധതി പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഇൻഡസ്ട്രീയൽ റിലേഷൻസ് കമ്മിറ്റിയും, തൊഴിൽ കുഴപ്പങ്ങൾ ഉണ്ടായാൽ ഉടൻതന്നെ പരിഹരിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള എം.ഐ.എസ്. വിഭാഗവും പദ്ധതിയുടെ പുരോഗതി വിലയിരുത്തി വേണ്ട നടപടികൾ സമയാസമയങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പു മന്ത്രി തന്നെ നേരിട്ട് പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

124 (268) 1991-96 കാലയളവിലെ വൈദ്യുതി നിരക്ക് വർദ്ധന

ശ്രീ. എം. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റ് 1991-96 കാലയളവിൽ വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര ശതമാനം വീതമാണ് വർദ്ധിപ്പിച്ചതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) എന്ത് മാനദണ്ഡത്തിലാണ് ആ കാലയളവിൽ നിരക്ക് വർദ്ധിപ്പിച്ചത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മൂന്നു തവണ (സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ബി) സംസ്ഥാന ജലവൈദ്യുത പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധനവും കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില കൂടുതലും ഉൽപ്പാദന പ്രസരണ വിതരണ രംഗത്ത് ചെയ്യേണ്ട അറ്റകുറ്റപ്പണികളുടെ ചെലവിൽ വന്നിട്ടുള്ള വർദ്ധനവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പയുടെ പലിശയുടെ വർദ്ധനവും കൊണ്ടാണ് നിരക്ക് വർദ്ധനവ് വേണ്ടിവന്നത്.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly